REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 14-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ ഊർജ്ജ സംരക്ഷണ ദിനം--2025 ലെ ഊർജ്ജ സംരക്ഷണ അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഡൽഹിയിൽ വിതരണം ചെയ്യും.**
- **തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച ഫലമല്ല ഉണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഗവൺമെന്റിനെതിരായ ജനവികാരമാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് UDF ഉം BJP യും.**
- **കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ന് മലയാള ക്ലാസിക്കുകളായ വാനപ്രസ്ഥവും, ചെമ്മീനും പ്രദർശിപ്പിക്കും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

**ഇന്ന് ദേശീയ ഊർജ്ജ സംരക്ഷണ ദിനം. ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാവത്ക്കരിക്കാനും, സുസ്ഥിരമായ ഭാവിക്കായി ഊർജ്ജം ലാഭിക്കുന്നത് പ്രോത്സാഹിപ്പിക്കാനുമാണ് എല്ലാവർഷവും ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിക്കുന്നത്. സുസ്ഥിര ഊർജ്ജ നവീകരണവും പൗര പങ്കാളിത്തവും മെച്ചപ്പെടുത്തൽ എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.**

**2025 ലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡുകൾ ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിക്കും. ഊർജ്ജ**

സംരക്ഷണത്തെക്കുറിച്ച് നടത്തിയ ദേശീയ പെയിന്റിംഗ് മത്സരത്തിലെ വിജയികളെയും രാഷ്ട്രപതി അനുമോദിക്കും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ച ഫലമല്ല ഉണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി. സംസ്ഥാനത്ത് മികച്ച വിജയം പ്രതീക്ഷിച്ചിരുന്നെങ്കിലും, ആ രീതിയിൽ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല. ഇതിന്റെ കാരണങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ തിരിച്ചടി അപ്രതീക്ഷിതമാണെന്ന് CPIM ജനറൽ സെക്രട്ടറി MA ബേബിയും അഭിപ്രായപ്പെട്ടു. പാർട്ടിയുടെയോ, LDF ന്റെയോ ശ്രദ്ധയിൽപ്പെടാത്ത പ്രവണതകൾ ഈ തിരഞ്ഞെടുപ്പിൽ ഉണ്ടായെന്നും അക്കാര്യങ്ങൾ പരിശോധിക്കുമെന്നും MA ബേബി പറഞ്ഞു.

✪✪✪

വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ജയിക്കാനാവശ്യമായ ശക്തിയാണ് തദ്ദേശ തിരഞ്ഞെടുപ്പിലൂടെ UDF ന് ലഭിച്ചതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. ഗവൺമെന്റിനെതിരായ ജനവികാരമാണ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും സതീശൻ വിലയിരുത്തി.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഭരണ പരാജയം വ്യക്തമാക്കുന്നതാണ് തദ്ദേശ തിരഞ്ഞെടുപ്പ് ഫലമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ വിലയിരുത്തി. BJP മുന്നോട്ടുവെച്ച വികസിത കേരളത്തെ ജനങ്ങൾ സ്വീകരിച്ചതിനു തെളിവാണ് തിരുവനന്തപുരം കോർപറേഷനിലെ വിജയമെന്നും അദ്ദേഹം പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിൽ UDF യും BJP യും തമ്മിലായിരിക്കും മത്സരമെന്നും, ഇടതുമുന്നണിയെ കേരളം തള്ളിയെന്നും രാജീവ് ചന്ദ്രശേഖർ അറിയിച്ചു.

✪✪✪

BJP യുടെ വിജയം വികസിത കേരളം എന്ന മുദ്രാവാക്യത്തിന് ജനങ്ങൾ നൽകിയ ശക്തമായ പിന്തുണയാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ കോഴിക്കോട് പറഞ്ഞു. സംസ്ഥാന ഗവൺമെന്റിനെതിരായ ജനവികാരം കൂടിയാണ് പ്രതിഫലിച്ചത്. UDF നും LDF നും ബദലായി പലയിടത്തും ജനങ്ങൾ BJP യെ തെരഞ്ഞെടുത്തതായി അദ്ദേഹം പറഞ്ഞു.

NDA യ്ക്ക് വലിയ സ്വീകാര്യത ലഭിച്ചെന്നും, LDF നും, UDF നും മാത്രമല്ല മൂന്നാം ബദലിനും സാന്നിധ്യമുണ്ട് എന്ന് തിരഞ്ഞെടുപ്പിൽ തെളിഞ്ഞതായും സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

തുടർഭരണത്തിന്റെ അഹങ്കാരത്തിൽ ഗവൺമെന്റ് പുലർത്തിയ ധിക്കാരത്തിനും ധാർഷ്ഠ്യത്തിനും ഏറ്റ കടുത്ത പ്രഹരമാണ് തിരഞ്ഞെടുപ്പ് ഫലമെന്ന് NK പ്രേമചന്ദ്രൻ MP പറഞ്ഞു. ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ അവകാശം നിഷേധിക്കുന്നതാണ് ജനവിധിയെന്നും പ്രേമചന്ദ്രൻ കൊല്ലത്ത് പറഞ്ഞു.

✪✪✪

UDF ൽ വിശ്വാസമർപ്പിച്ച വോട്ടർമാർക്ക് പ്രിയങ്കാഗാന്ധി MP നന്ദിയറിയിച്ചു. വിജയം സാധ്യമാക്കിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരെയും സാമൂഹ്യമാധ്യമത്തിൽ അവർ അഭിനന്ദിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭയിലും തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലും ലീഗിന്റെ വിമത സ്ഥാനാർത്ഥികൾ വിജയിച്ചു. പാനൂർ നാലാം വാർഡിലും, തൃപ്രങ്ങോട്ടൂർ പഞ്ചായത്ത് ഒൻപതാം വാർഡിലുമാണ് വിമതരുടെ വിജയം.

✪✪✪

വയനാട് തിരുനെല്ലി ചേലൂർ വാർഡിൽ CPI സ്ഥാനാർഥിക്ക് എതിരെ CPIM പിന്തുണയോടെ മത്സരിച്ച LDF വിമത സ്ഥാനാർത്ഥി വിജയിച്ചു. ഔദ്യോഗിക LDF സ്ഥാനാർഥി മത്സരത്തിൽ മൂന്നാം സ്ഥാനത്തായി.

✪✪✪

മലപ്പുറത്ത് തിരഞ്ഞെടുപ്പ് വിജയാഹ്ലാദത്തിനിടെ കത്തിച്ച പടക്കത്തിൽ നിന്ന് തീപടർന്ന് UDF പ്രവർത്തകൻ മരിച്ചു. ചെറുകാവ് സ്വദേശി ഇർഷാദ് ആണ് മരിച്ചത്. സ്കൂട്ടറിൽ സൂക്ഷിച്ച പടക്കത്തിലേക്ക് തീ പടർന്നു പിടിച്ചാണ് കൊണ്ടോട്ടി ചെറുകാവിൽ അപകടമുണ്ടായത്. സ്കൂട്ടറിന് സമീപം നിൽക്കുകയായിരുന്നു ഇർഷാദ്.

✪✪✪

കണ്ണൂർ പാനൂരിനടുത്ത് പാറാട് ടൗണിൽ ആഹ്ലാദ പ്രകടനത്തിനിടെ UDF- LDF പ്രവർത്തകർ തമ്മിൽ സംഘർഷമുണ്ടായി.കല്ലേറിൽ നിരവധി പേർക്ക് പരിക്കേറ്റു.

✪✪✪

കാസർകോട് ജില്ലയിലെ ബേക്കൽ, പുത്തിഗെ ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ റീ കൗണ്ടിംഗ് രാവിലെ എട്ടിന് ആരംഭിക്കും. ഇന്നലെ

വോട്ടെണ്ണിയ കേന്ദ്രങ്ങളിൽ തന്നെയായിരിക്കും റീ കൗണ്ടിംഗ്. വോട്ടുകളുടെ എണ്ണം സംബന്ധിച്ച തർക്കത്തെ തുടർന്നാണ് റീ കൗണ്ടിംഗ് തീരുമാനിച്ചത്.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മൂന്നാം ദിനമായ ഇന്ന് തലസ്ഥാനത്തെ 11 തിയേറ്ററുകളിൽ 71 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഹോമേജ് വിഭാഗത്തിൽ മലയാളം ക്ലാസ്സിക്കുകളായ 'വാനപ്രസ്ഥം' വും, 'ചെമ്മീനും' ഇന്നാണ് പ്രദർശിപ്പിക്കുന്നത്.

........ഡെസ്ക് റിപ്പോർട്ട്.....

( വോയ്സ്.....)

അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ ഏഴ് സിനിമകളും, 'ഇന്ത്യൻ സിനിമ നൗ' വിഭാഗത്തിലെ മൂന്ന് ചിത്രങ്ങളും, 'ഫെസ്റ്റിവൽ ഫേവറിറ്റ്സ് ' വിഭാഗത്തിലെ എട്ട് ചിത്രങ്ങളും, ലോകസിനിമയിലെ 19 ചിത്രങ്ങളും ഇതോടൊപ്പം ഇന്ന് പ്രദർശനത്തിനുണ്ട്.

പ്രശസ്ത ചിലിയൻ ചലച്ചിത്രകാരൻ പാബ്ലോ ലറൈൻ നയിക്കുന്ന മാസ്റ്റർക്ലാസ് സെഷനാണ് ഇന്നത്തെ പ്രധാന ആകർഷണം. ലൈഫ് ടൈം അച്ചീവ്മെന്റ് ജേതാവായ അബ്ദുറഹ്മാൻ സിസാക്കോയുടെ 'ടിംബക്തു' എന്ന ചിത്രം രാവിലെ പ്രദർശിപ്പിക്കും. സുവർണ്ണ ചകോരത്തിനായി മത്സരിക്കുന്ന 14 ചിത്രങ്ങളിൽ ഏഴു സിനിമകളുടെ ആദ്യ പ്രദർശനവും ഇന്നാണ്.

ചലച്ചിത്ര മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന മൂന്നാമത് കേരള ഫിലിം മാർക്കറ്റിന് ഇന്ന് തുടക്കമാകും. രാവിലെ അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖൊബ്രഗഡെ ഉദ്ഘാടനം ചെയ്യും. JC ഡാനിയേൽ അവാർഡ് ജേതാവും സംവിധായകനുമായ T.V ചന്ദ്രൻ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 77 ലക്ഷത്തി 30,000 കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 99.57 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 24 ലക്ഷത്തി 74,000 ത്തോളമായെന്നും അദ്ദേഹം പറഞ്ഞു. ഫോമുകൾ മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്നും ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

മലയാള മനോരമ തിരുവനന്തപുരം സ്പെഷൽ കറസ്പോണ്ടന്റ് G.വിനോദ് നിര്യാതനായി. 54 വയസ്സായിരുന്നു. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ സിന്ധു സൂര്യകുമാറിന്റെ ഭർത്താവാണ് വിനോദ്.

മികച്ച റിപ്പോർട്ടിംഗിനും, അന്വേഷണാത്മക വാർത്തകൾക്കും സംസ്ഥാന ഗവൺമെന്റിന്റെയും, പ്രസ് അക്കാദമിയുടെയും, പ്രസ് ക്ലബ്ബുകളുടെയും പുരസ്കാരം വിനോദ് നേടിയിട്ടുണ്ട്. ഉച്ചകഴിഞ്ഞ് മലയാള മനോരമയിലും, പ്രസ്ക്ലബ്ബിലും ഭൗതിക ശരീരം പൊതുദർശനത്തിനു വെച്ച ശേഷം വൈകിട്ട് തൈക്കാട് ശാന്തി കവാടത്തിൽ സംസ്കരിക്കും.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഹിമാചൽപ്രദേശിലെ ധരംശാലയിൽ വൈകിട്ട് ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഇരു ടീമുകളും ഓരോ വിജയം വീതം നേടിയിട്ടുണ്ട്.

✪✪✪

അണ്ടർ 19 ഏഷ്യ കപ്പ് ഏകദിന ക്രിക്കറ്റിൽ രാവിലെ ഇന്ത്യ പാകിസ്താനെ നേരിടും. ദുബായ് ICC അക്കാദമി ഗ്രൗണ്ടിലാണ് മത്സരം. ആദ്യ മത്സരത്തിൽ UAE യെ ഇന്ത്യ തോൽപ്പിച്ചിരുന്നു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിന്റെ ആദ്യ സെമിയിൽ ഇന്ന് നിലവിൽ ചാമ്പ്യന്മാരായ കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സ് FC യുമായി ഏറ്റുമുട്ടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകീട്ട് ഏഴരക്കാണ് മത്സരം.

നാളെ രണ്ടാം സെമിയിൽ മാജിക് FC, മലപ്പുറം FC യെ തൃശൂരിൽ നേരിടും.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ അഡ്മിറൽ കപ്പ് 14 -ാം പായ് വഞ്ചിയോട്ട മത്സരം സമാപിച്ചു. ഒന്നും രണ്ടും സ്ഥാനങ്ങൾ ഇന്ത്യക്ക്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്).........

✪✪✪

ശബരിമല സന്നിധാനത്ത് ഇന്നലെ വൈകിട്ട് ട്രാക്ടർ നിയന്ത്രണം വിട്ട് ഭക്തർക്കിടയിലേക്ക് ഓടിക്കയറി രണ്ട് കുട്ടികളുൾപ്പെടെ ഒൻപത് പേർക്ക് പരിക്കേറ്റു. മാലിന്യം കൊണ്ടുപോകുന്ന ട്രാക്ടറാണ് അപകടത്തിൽപ്പെട്ടത്.

കനത്ത മഴയിൽ വാഹനത്തിന് നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നു. അപകടസമയത്ത് അഞ്ച് പേർ ട്രാക്ടറിൽ ഉണ്ടായിരുന്നു. ഡ്രൈവറെ പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആക്സസ് പാസ്" ഉപയോഗിച്ച് നിയമപരമായി മീൻപിടിക്കാൻ കഴിയുമെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് അറിയിച്ചു. ലക്ഷദ്വീപിലെ ബംഗാരം ദ്വീപിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കേന്ദ്രസഹമന്ത്രിമാരായ ജോർജ് കുര്യൻ, പ്രൊഫ. SP സിംഗ് ബാഗേൽ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ എന്നിവരടക്കം പ്രമുഖർ സംഗമത്തിൽ സംബന്ധിച്ചു. ലക്ഷദ്വീപിന്റെ മത്സ്യബന്ധന -മത്സ്യം വളർത്തൽ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടാണ് സംഗമം സംഘടിപ്പിച്ചത്.

✪✪✪

മദ്രാസ് റെജിമെന്റ് രണ്ടാം ബറ്റാലിയന്റെ 250-ാമത് സ്ഥാപക ദിനം തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ വിപുലമായി ആഘോഷിച്ചു. രണ്ടു ദിവസത്തെ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച സൈനിക സമ്മേളനത്തിൽ ഇന്ത്യൻ ആർമി നോർത്തേൺ കമാൻഡ് മേധാവി ലെഫ്റ്റനന്റ് ജനറൽ പ്രതീക് ശർമ്മ സംബന്ധിച്ചു. മുതിർന്ന ഉദ്യോഗസ്ഥരും, വിരമിച്ചവരും, അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ 3,000 ത്തോളം ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*

आकाशवाणी